# ഉപഭോക്തൃ ഉത്പന്ന വിപണിയിലേക്ക് മെഴുക്കാട്ടിൽ മിൽസ്

**കൊച്ചി**▸ വെളിച്ചെണ്ണ ഉത്പാദന രംഗത്ത് നാലു പതിറ്റാണ്ടിന്റെ പാരമ്പര്യമുള്ള ആലുവയിലെ മെഴുക്കാട്ടിൽ മിൽസ് ഉപഭോക്തൃ ഉത്പന്ന രംഗത്തേക്ക് ചുവടുവയ്ക്കുന്നു. 'എം.എം. ഒറിജിനൽസ്' എന്ന ബ്രാൻഡിൽ 'തേങ്ങ പേസ്റ്റ്' വിപണിയിലെത്തിച്ചുകൊണ്ടാണ് ഉപഭോക്തൃ വിപണിയിലേക്കുള്ള അരങ്ങേറ്റം. പേറ്റൻറ് ലഭിച്ച ഉത്പന്നമാണ് ഇതെന്ന് മെഴുക്കാട്ടിൽ മിൽസ് എക്സിക്യൂട്ടീവ് ഡയറക്ടർ ഉബൈസ് അലി പറഞ്ഞു.

ഏതാനും മാസങ്ങൾക്കുള്ളിൽ തേങ്ങയിൽ നിന്നുള്ള കൂടുതൽ മൂല്യവർധിത ഉത്പന്നങ്ങൾ വിപണിയിലെത്തിക്കുമെന്ന് അദ്ദേഹം വ്യക്തമാക്കി. യൂണിലീവർ, വിപ്രോ എന്നിവ ഉൾപ്പെടെ 22-ഓളം ആഗോള ബ്രാൻഡുകൾക്ക് വേണ്ടി പ്രൈവറ്റ് ലേബലിൽ വെളിച്ചെണ്ണയും അനുബന്ധ ഉത്പന്നങ്ങളും വിതരണം ചെയ്തുവരികയാണ് മെഴുക്കാട്ടിൽ മിൽസ് ഇപ്പോൾ.

ഈ രംഗത്തുള്ള ശക്തമായ സാന്നിധ്യം സ്വന്തം ബ്രാൻഡിൽ ഉത്പന്നങ്ങൾ വിപണിയിലെത്തിക്കുമ്പോൾ ഗുണം ചെയ്യുമെന്നാണ് കരുതുന്നതെന്ന് ഉബൈസ് പറഞ്ഞു. ഭക്ഷ്യോത്പന്നങ്ങൾക്ക് പുറമെ സൗന്ദര്യവർധക ഉത്പന്നങ്ങളും 'എം.എം. ഒറിജിനൽസ്' ബ്രാൻഡിൽ വിപണിയിലെത്തും. കേരളത്തിന് പുറമെ ഇന്ത്യയിലെ പ്രധാന നഗരങ്ങളിലും വിദേശങ്ങളിലും ഉത്പന്നങ്ങൾ ലഭ്യമാക്കാനാണ് പദ്ധതി.

# ടാറ്റ മോട്ടോഴ്സ്: യാത്രാവാഹന വിഭാഗം വേർപെടുത്തുന്ന നടപടി ജൂണോടെ പൂർത്തിയായേക്കും

**മുംബൈ ▸** ടാറ്റ മോട്ടോഴ്സ് കഴിഞ്ഞവർഷം പ്രഖ്യാപിച്ച യാത്രാ-വാണിജ്യ വാഹനവിഭാഗങ്ങളെ പ്രത്യേകമാക്കാനുള്ള നടപടികൾ ഈവർഷം മേയ്-ജൂൺ മാസങ്ങളിലായി പൂർത്തിയായേക്കും. ഇന്ത്യൻ യാത്രാവാഹന വിപണിയിൽ ദീർഘകാലാടിസ്ഥാനത്തിൽ സഹകരിച്ചുപ്രവർത്തിക്കുന്നതിന് അനുയോജ്യരായ പങ്കാളികളെ കണ്ടെത്താൻകൂടി ലക്ഷ്യമിട്ടാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. പങ്കാളിത്തം സംബന്ധിച്ച് വിവിധ കമ്പനികളുമായി ചർച്ചകൾ നടന്നുവരുന്നതായും ഇക്കാര്യത്തിൽ തീരുമാനമൊന്നുമായിട്ടില്ലെന്നും കമ്പനിയുടെ സി.എഫ്.ഒ. പി. ബാലാജി വ്യക്തമാക്കി.

പങ്കാളിത്തം സംബന്ധിച്ച് ദേശീയ കമ്പനിനിയമ ട്രിബ്യൂണലിൻെറ (എൻ.സി.എൽ.ടി.) അനുമതി ആവശ്യമാണ്. ഇതിനുമുമ്പ് ഓഹരിയുടമകളിൽനിന്ന് പദ്ധതിക്ക് അംഗീകാരം തേടാൻ എൻ.സി.എൽ.ടി. നിർദേശിച്ചിട്ടുണ്ട്. മാർച്ച് അഞ്ചിന് ഇതിനായി പ്രത്യേക ജനറൽ ബോഡി ചേരാൻ കമ്പനി തീരുമാനിച്ചിട്ടുണ്ടെന്ന് അദ്ദേഹം അറിയിച്ചു. നിലവിലെ സാഹചര്യത്തിൽ മറ്റുകമ്പനികളുമായി സഹകരിച്ചുപ്രവർത്തിക്കുന്നത് അനിവാര്യതയല്ല. എന്നാൽ, ദീർഘകാലാടിസ്ഥാനത്തിൽ സുഗമമായി മുന്നോട്ടുപോകുന്നതിനാണ് ഇതേക്കുറിച്ച് ആലോചിക്കുന്നത്. സഹകരണത്തിന് ഓഹരിയുടമകളുടെ അനുമതിലഭിച്ചാൽ എൻ.സി.എൽ.ടി.യെ വീണ്ടും സമീപിക്കും.

മൂന്നാംപാദത്തിൽ മികച്ച വിൽപ്പനയുടെ പശ്ചാത്തലത്തിൽ കമ്പനിയുടെ ലാഭത്തിൽ 67.2 ശതമാനം വർധനയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മുൻവർഷം ഇതേകാലയളവിലെ 1738.3 കോടിയിൽനിന്ന് 2906.45 കോടിയായാണ് ലാഭവർധന. കമ്പനിയുടെ മൊത്തം വരുമാനം മുൻവർഷത്തെ അപേക്ഷിച്ച് 5.5 ശതമാനം ഉയർന്ന് 75,653 കോടി രൂപയായി. ജഗ്വാർ ലാൻഡ് റോവറിൻെറ വിൽപ്പനയിലും കാര്യമായ പുരോഗതിയുണ്ട്. നികുതിക്കുമുമ്പ് 43.9 കോടി പൗണ്ട് (ഏകദേശം 4388 കോടി രൂപ) ആണ് ജഗ്വാറിൻെറ ലാഭം. മുൻവർഷം ഇതേകാലയളവിലുണ്ടായിരുന്ന 12.1 കോടി പൗണ്ടിനെക്കാൾ (1209 കോടി രൂപ) 263 ശതമാനമാണ് വർധന. ചൈനയിൽ ജഗ്വാറിൻെറ വിൽപ്പന 13.1 ശതമാനം ഉയർന്നതായും കമ്പനി വ്യക്തമാക്കി.

## ധനലക്ഷ്മി ബാങ്ക് എം.ഡി. ആയി ജെ.കെ. ശിവൻ ചുമതലയേറ്റു


ജെ.കെ. ശിവൻ

**കൊച്ചി ▸** കേരളം ആസ്ഥാനമായി പ്രവർത്തിക്കുന്ന ധനലക്ഷ്മി ബാങ്കിൻെറ മാനേജിങ് ഡയറക്ടറും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായി ജെ.കെ. ശിവൻ ശനിയാഴ്ച ചുമതലയേറ്റു. എസ്.ബി.ഐ.യിൽ നിന്ന് ചീഫ് ജനറൽ മാനേജരായി ഈയിടെ വിരമിച്ച ജെ.കെ. ശിവൻ പാലക്കാട് സ്വദേശിയാണ്. വ്യാഴാഴ്ചയാണ് അദ്ദേഹത്തിൻെറ നിയമനത്തിന് റിസർവ് ബാങ്കും ധനലക്ഷ്മി ബാങ്ക് ഡയറക്ടർ ബോർഡും അനുമതി നൽകിയത്. നാലു മാസം നീണ്ട അനിശ്ചിതത്വത്തിനാണ് ഇതോടെ വിരാമമായത്.

37 വർഷം എസ്.ബി.ഐ.യിൽ വിവിധ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള ശിവൻ കോർപ്പറേറ്റ് ബാങ്കിങ്, ഇൻറർനാഷണൽ ആൻഡ് ഫോറക്സ്, റീട്ടെയിൽ വായ്പ, കാർഷിക വായ്പ എന്നീ വിഭാഗങ്ങളുടെ ചുമതല വഹിച്ചിട്ടുണ്ട്.

## സ്റ്റീൽ അതോറിറ്റിക്ക് 1,283 കോടി ലാഭം

**മുംബൈ ▸** പൊതുമേഖലാ കമ്പനിയായ സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് നടപ്പു സാമ്പത്തികവർഷം മൂന്നാംപാദത്തിൽ 398 ശതമാനം ലാഭവർധന. ഡിസംബർ പാദത്തിൽ 1,283 കോടി രൂപയുടെ ലാഭമാണ് കമ്പനി സ്വന്തമാക്കിയത്. മുൻവർഷം ഇതേകാലത്ത് ആഗോള വിപണിയിൽ ഉരുക്കുവില കുറഞ്ഞതിനെ തുടർന്ന് നഷ്ടം നേരിട്ട സ്ഥാനത്താണിത്. കമ്പനിയുടെ ഉരുക്കുത്പാദനം ഒമ്പതു ശതമാനം വർധിച്ച് 4.37 ദശലക്ഷം ടണ്ണിലെത്തി. കയറ്റുമതിയുൾപ്പെടെ വിൽപ്പന ഒരു ശതമാനം ഉയർന്ന് 4.15 ലക്ഷം ടണ്ണായി. വിറ്റുവരവ് മുൻവർഷത്തെ അപേക്ഷിച്ച് 19.6 ശതമാനം ഉയർന്ന് 19,614 കോടി രൂപയിലെത്തിയതായും കമ്പനി അറിയിച്ചു.

## രാമമോഹൻ റാവു അമര എസ്.ബി.ഐ. കാർഡ് മാനേജിങ് ഡയറക്ടർ


രാമമോഹൻ റാവു അമര

**മുംബൈ ▸** എസ്.ബി.ഐ. കാർഡിൻെറ പുതിയ മാനേജിങ് ഡയറക്ടറും സി.ഇ.ഒ.യുമായി രാമമോഹൻ റാവു അമരയെ നിയമിച്ചു. നിലവിൽ ഈ സ്ഥാനത്തുണ്ടായിരുന്ന അശ്വിനി കുമാർ തിവാരി എസ്.ബി.ഐ. മാനേജിങ് ഡയറക്ടറായി പോയ ഒഴിവിലാണ് നിയമനം. ജനുവരി 30 മുതലാണ് നിയമനം.

1991-ൽ എസ്.ബി.ഐ.യിൽ പ്രൊബേഷണറി ഓഫീസറായി ചേർന്ന അമര ഭോപ്പാൽ സർക്കിളിൽ ചീഫ് ജനറൽ മാനേജരായി പ്രവർത്തിച്ചു വരുകയായിരുന്നു. ഇന്ത്യയിലും വിദേശത്തും ബാങ്കിൻെറ വിവിധ ചുമതലകൾ വഹിച്ചിട്ടുണ്ട്.

## കമ്പോള വിലനിലവാരം

### വെളിച്ചെണ്ണയ്ക്ക് 100 രൂപ കൂടി റബ്ബർ ക്വിൻറലിന് 50 രൂപ കൂടി

**മട്ടാഞ്ചേരി ▸** വെളിച്ചെണ്ണ ക്വിൻറലിന് 100 രൂപ കൂടി 19,300 രൂപയായി. റബ്ബർ ക്വിൻറലിന് 50 രൂപ കൂടി വില 15,150 രൂപയായി. കുരുമുളക് വിലയിൽ മാറ്റമില്ല.

#### കൊച്ചി

| | |
|---|---|
| സ്വർണം പവന് | 36640.00 |
| ഗ്രാമിന് | 4580.00 |
| വെളിച്ചെണ്ണ തയ്യാർ | 19300.00 |
| മില്ലിങ് | 19800.00 |
| കൊപ്ര എടുത്തപടി | 12700.00 |
| എഫ്.എ.ക്യു. | 13000.00 |
| ആർ.ബി.ഡി. പാംഓയിൽ | 11420.00 |
| കുരുമുളക് പുതിയത് | 31500.00 |
| അൺഗാർബിൾഡ് | 32500.00 |
| ഗാർബിൾഡ് | 34500.00 |
| ചുക്ക് മീഡിയം | 28500.00 |
| ചുക്ക് ബെസ്റ്റ് | 30000.00 |
| കയർ നേരിയത് | 4200 - 4800.00 |
| അടയ്ക്ക പുതിയത് | 30000 - 31000 |
| മഞ്ഞൾ | 7200 - 7700.00 |
| ജാതിക്ക തൊണ്ടൻ | 200 - 270.00 |
| ജാതിക്ക തൊണ്ടില്ലാതെ | 500 - 575.00 |
| ജാതിപത്രി ചുവപ്പ് | 1100.00 |
| ജാതിപത്രി മഞ്ഞ | 1200.00 |
| ചുവപ്പ് ഫ്ലവർ മീഡിയം | 1700 - 1800.00 |
| മഞ്ഞ ഫ്ലവർ മീഡിയം | 1700 - 1900.00 |
| മുളക് | 15000 - 16200.00 |
| പഞ്ചസാര | 3600.00 |

#### റബ്ബർ മാർക്കറ്റ് - കോട്ടയം

| | |
|---|---|
| ആർ.എസ്.എസ്. 4 | 15150.00 |
| ആർ.എസ്.എസ്. 5 | 14450.00 |

**കൊച്ചി**

| | |
|---|---|
| ആർ.എസ്.എസ്. 4 | 15150.00 |
| ആർ.എസ്.എസ്. 5 | 14450.00 |

**കോട്ടയം വ്യാപാരി വില**

| | |
|---|---|
| ആർ.എസ്.എസ്. 4-5 | 14650-13950.00 |
| തരംതിരിക്കാത്തത് | 11550-11600.00 |

**കോട്ടയം മാർക്കറ്റ്**

| | |
|---|---|
| വെളിച്ചെണ്ണ | 21100.00 |
| കൊപ്ര | 13600.00 |
| പിണ്ണാക്ക് | 3300.00 |

#### മട്ടാഞ്ചേരി മാർക്കറ്റ്

| | |
|---|---|
| ആർ.എസ്.എസ്.4 | 15000.00 |
| ആർ.എസ്.എസ്.5 | 13400 - 14400.00 |
| ആർ.എസ്.എസ്. ലോട്ട് | 11700 - 12000.00 |
| ഒട്ടുപാൽ | 9200.00 |
| ലാറ്റക്സ് | 10200.00 |

#### കട്ടപ്പന കമ്പോളം

| | |
|---|---|
| കുരുമുളക് | 325.00 |
| കാപ്പിക്കുരു | 70.00 |
| കാപ്പി പരിപ്പ് | 110.00 |
| കൊക്കോ | 48.00 |
| കൊക്കോ (ഉണങ്ങിയത്) | 138.00 |
| കൊട്ടപ്പാക്ക് | 250-300.00 |
| മഞ്ഞൾ | 112.00 |
| ചുക്ക് | 270.00 |
| ഗ്രാമ്പൂ | 570.00 |
| ജാതിക്ക | 300-350.00 |
| ജാതിപത്രി | 1500-2000.00 |
| റബ്ബർ | 140.00 |
| ഒട്ടുപാൽ | 70.00 |

**ഏലം**

| | |
|---|---|
| കൂടിയ വില | 1650.00 |
| ശരാശരി വില | 1550.00 |
| കുറഞ്ഞ വില | 1400.00 |

#### ഏലക്ക ലേലം

**കാഡമം പ്ലാൻേറഴ്സ് അസോസിയേഷൻ ശാന്തൻപാറ**

| | |
|---|---|
| പതിവ് | 26914.6 കിലോ ഗ്രാം |
| വില്പന | 23603.5 കിലോഗ്രാം |
| കൂടിയ വില | 1908.00 |
| ശരാശരി വില | 1470.61 |

#### കോഴിക്കോട്

| | |
|---|---|
| വെളിച്ചെണ്ണ | 21100.00 |
| വെളിച്ചെണ്ണ (മില്ലിങ്) | 21800.00 |
| കൊപ്ര എടുത്തപടി | 13750.00 |
| റാസ് | 13350.00 |
| ദിൽപസന്ത് | 13850.00 |
| രാജാപ്പൂർ | 15200.00 |
| ഉണ്ട | 13750.00 |
| പിണ്ണാക്ക് റോട്ടറി | 3700.00 |
| എള്ളിൻ പിണ്ണാക്ക് എക്സ് | 3100.00 |

## മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സിൽ ജെംസ്റ്റോൺ ഉത്സവം തുടങ്ങി

**കോഴിക്കോട് ▸** അമൂല്യരത്നക്കല്ലുകൾ പതിച്ച ആഭരണങ്ങളുടെ പ്രദർശനത്തിനും വിൽപ്പനയ്ക്കും ഊന്നൽ നൽകി മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സിൽ ജെംസ്റ്റോൺ ഉത്സവത്തിന് തുടക്കമായി. കേരളത്തിൽ മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സിൻെറ എല്ലാ ഷോറൂമുകളിലും ഫെബ്രുവരി 18 വരെയാണിത്.

മൂല്യമേറിയ എമറാൾഡ്, റൂബി, സഫയർ കല്ലുകൾ പതിച്ച ആഭരണങ്ങളും അൺകട്ട് ഡയമണ്ട് ആഭരണങ്ങളും പ്രദർശനത്തിലുണ്ട്. ഏതവസരത്തിലും അനുയോജ്യമായ പ്രെഷ്യ, ഇറ ബ്രാൻഡുകളിൽ പുതിയ ഫാഷനിണങ്ങിയ ആഭരണങ്ങളും പരമ്പരാഗത ശൈലിയിൽ നിർമിച്ചവയുമുണ്ട്.

രാജ്യത്ത് എവിടെയും ഒരേ വിലയ്ക്ക് സ്വർണം വിൽക്കുന്ന 'വൺ ഇന്ത്യ വൺ ഗോൾഡ് റേറ്റ്' പദ്ധതിക്ക് മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സ് അടുത്തിടെ തുടക്കംകുറിച്ചിരുന്നു. ഇതനുസരിച്ച് കമ്പനിയുടെ രാജ്യത്തെ ഏതു ഷോറൂമിൽനിന്നും ഒരേ വിലയ്ക്ക് സ്വർണം ലഭിക്കും.

വിവാഹ പർച്ചേസുകൾക്ക് പ്രത്യേക ആനുകൂല്യങ്ങളും സ്വർണവിലയുടെ 10 ശതമാനംമുതൽ നൽകി മുൻകൂർ ബുക്കുചെയ്യാനുള്ള സൗകര്യവും മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സിലുണ്ട്.

## ജിയോജിത്തിന് 30.60 കോടി ലാഭം

**കൊച്ചി ▸** നിക്ഷേപ സേവന മേഖലയിലെ പ്രമുഖ കമ്പനിയായ ജിയോജിത് 2020-21 സാമ്പത്തിക വർഷം ഡിസംബറിൽ പാദത്തിൽ 30.60 കോടി രൂപ അറ്റാദായം നേടി. മുൻവർഷം ഇതേ കാലയളവിനെ അപേക്ഷിച്ച് 93 ശതമാനത്തിൻെറ വർധനയാണ് അറ്റാദായത്തിൽ ഉണ്ടായിരിക്കുന്നത്. 15.83 കോടി രൂപയായിരുന്നു 2019-20 സാമ്പത്തിക വർഷം മൂന്നാം പാദത്തിൽ കമ്പനിയുടെ അറ്റാദായം.

കമ്പനിയുടെ മൊത്തം വരുമാനം 34 ശതമാനം വർധിച്ച് 104.61 കോടി രൂപയായി. കഴിഞ്ഞ സാമ്പത്തിക വർഷം ഇതേ കാലയളവിൽ 78.31 കോടി രൂപയായിരുന്നു മൊത്തം വരുമാനം.

## മുത്തൂറ്റ് കാപ്പിറ്റലിന് 14 കോടി ലാഭം

**കൊച്ചി ▸** മുത്തൂറ്റ് കാപ്പിറ്റൽ സർവീസസ് ഡിസംബർ പാദത്തിൽ 14 കോടി രൂപ അറ്റലാഭം നേടി. മുൻവർഷം ഇതേ പാദത്തിൽ 19 കോടി രൂപയായിരുന്നു അറ്റാദായം.

120.7 കോടി രൂപയുടെ വരുമാനമാണ് ഡിസംബർ പാദത്തിൽ രേഖപ്പെടുത്തിയത്. മൊത്തം 326 കോടിയുടെ വായ്പകൾ നൽകി. 304 കോടി രൂപ മാത്രമാണ് ടൂ-വീലർ വായ്പകളായി നൽകിയത്. 2,224 കോടി രൂപയാണ് കമ്പനിയുടെ മൊത്തം കൈകാര്യ ആസ്തി (എ.യു.എം.).

2019 ഡിസംബർ പാദത്തിൽ 2,751 കോടി എ.യു.എം.ഓടെ മൊത്തം 465.8 കോടിയുടെ വായ്പകളാണ് കമ്പനി നൽകിയത്. അക്കാലയളവിൽ 150.9 കോടിയുടെ വരുമാനം നേടിയിരുന്നു.

## ഉപഭോക്തൃ ഉത്പന്ന വിപണിയിലേക്ക് മെഴുക്കാട്ടിൽ മിൽസ്

**കൊച്ചി ▸** വെളിച്ചെണ്ണ ഉത്പാദന രംഗത്ത് നാലു പതിറ്റാണ്ടിൻെറ പാരമ്പര്യമുള്ള ആലുവയിലെ മെഴുക്കാട്ടിൽ മിൽസ് ഉപഭോക്തൃ ഉത്പന്ന രംഗത്തേക്ക് ചുവടുവയ്ക്കുന്നു. 'എം.എം. ഒറിജിനൽസ്' എന്ന ബ്രാൻഡിൽ 'തേങ്ങ പേസ്റ്റ്' വിപണിയിലെത്തിച്ചുകൊണ്ടാണ് ഉപഭോക്തൃ വിപണിയിലേക്കുള്ള അരങ്ങേറ്റം. പേറ്റൻറ് ലഭിച്ച ഉത്പന്നമാണ് ഇതെന്ന് മെഴുക്കാട്ടിൽ മിൽസ് എക്സിക്യൂട്ടീവ് ഡയറക്ടർ ഉബൈസ് അലി പറഞ്ഞു.

ഏതാനും മാസങ്ങൾക്കുള്ളിൽ തേങ്ങയിൽ നിന്നുള്ള കൂടുതൽ മൂല്യവർധിത ഉത്പന്നങ്ങൾ വിപണിയിലെത്തിക്കുമെന്ന് അദ്ദേഹം വ്യക്തമാക്കി. യൂണിലീവർ, വിപ്രോ എന്നിവ ഉൾപ്പെടെ 22-ഓളം ആഗോള ബ്രാൻഡുകൾക്ക് വേണ്ടി പ്രൈവറ്റ് ലേബലിൽ വെളിച്ചെണ്ണയും അനുബന്ധ ഉത്പന്നങ്ങളും വിതരണം ചെയ്തുവരികയാണ് മെഴുക്കാട്ടിൽ മിൽസ് ഇപ്പോൾ.

ഈ രംഗത്തുള്ള ശക്തമായ സാന്നിധ്യം സ്വന്തം ബ്രാൻഡിൽ ഉത്പന്നങ്ങൾ വിപണിയിലെത്തിക്കുമ്പോൾ ഗുണം ചെയ്യുമെന്നാണ് കരുതുന്നതെന്ന് ഉബൈസ് പറഞ്ഞു. ഭക്ഷ്യോത്പന്നങ്ങൾക്ക് പുറമെ സൗന്ദര്യവർധക ഉത്പന്നങ്ങളും 'എം.എം. ഒറിജിനൽസ്' ബ്രാൻഡിൽ വിപണിയിലെത്തും. കേരളത്തിന് പുറമെ ഇന്ത്യയിലെ പ്രധാന നഗരങ്ങളിലും വിദേശങ്ങളിലും ഉത്പന്നങ്ങൾ ലഭ്യമാക്കാനാണ് പദ്ധതി.